**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1392** **03-02-2026 - ൽ മറുപടിയ്ക്ക്**

**അതിരപ്പിള്ളിയിലെ യാത്രിനിവാസ് നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അതിരപ്പിള്ളിയിലെ യാത്രി നിവാസ് നിർമ്മാണത്തിൽ വേണ്ടത്ര പുരോഗതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അതിരപ്പിള്ളി യാത്രിനിവാസ് നിർമ്മാണം ഒന്നാം ഘട്ടത്തിന് 2015 - ൽ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിക്കായി സ്ഥലം ലഭിക്കാനുണ്ടായ കാലതാമസം, കോവിഡ്, പ്രളയം തുടങ്ങിയവ വർക്ക് പുരോഗതിയെ ബാധിച്ചിരുന്നു. ഒന്ന് , രണ്ടു ഘട്ട പ്രവൃത്തികൾ പരസ്പരം ബന്ധപ്പെട്ടവയാണ്. അതിരപ്പിള്ളി യാത്രിനിവാസ് നിർമ്മാണം നിലവിൽ പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും അറിയിക്കുമോ; | (ബി) | 18.04.2018-ൽ ആരംഭിച്ച അതിരപ്പിള്ളി യാത്രിനിവാസിന്റെ ഒന്നാം ഘട്ട പ്രവൃത്തികൾ 95% ഉം 04.01.2022ൽ ആരംഭിച്ച രണ്ടാം ഘട്ട പ്രവൃത്തികൾ 60% ഉം പൂർത്തിയായി. അതിരപ്പിള്ളി യാത്രിനിവാസിന്റെ മൂന്നാം ഘട്ട പദ്ധതിക്ക് 23.09.2025 ന് 20850000/- രൂപയുടെ അനുമതി നൽകി. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (സി) | ആയതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ 31.03.2026ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. മൂന്നാം ഘട്ടത്തിന്റെ പൂർത്തീകരണ കാലാവധി 8 മാസമാണ്. |

സെക്ഷൻ ഓഫീസർ